**തിരുവനന്തപുരം ജലസേചനവും ഭരണവും**
**ചീഫ് എഞ്ചിനീയറുടെ നടപടിക്രമം**
(ഹാജർ- ശിവദാസൻ.എം. )

വിഷയം : ജലസേചനം - വിജിലൻസ് - ശ്രീ.നൗഷാദ് പി.പി. (രണ്ടാം തരം ഓവർസിയർ) PEN : 812997 ശൂന്യവേതന അവധിക്ക് ശേഷം ജോലിയിൽ തിരികെ പ്രവേശിക്കാത്തത് - അനധികൃതമായി സേവനത്തിൽ നിന്നും വിട്ട് നിന്നത് - സർക്കാർ സർവ്വീസിൽ നിന്നും നീക്കം ചെയ്തുകൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു:-

പരാമർശം: 1) 10/06/2024 ലെ ഇതേ നമ്പരിലുള്ള കുറ്റപത്രവും കുറ്റാരോപണ പത്രികയും
2) 16/08/2024 ലെ ഇതേ നമ്പർ ഉത്തരവ്
3) 08/11/2024 ലെ അന്വേഷണ റിപ്പോർട്ട്
4) 09/12/2024 ലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

**<u>ഉത്തരവ് നമ്പർ CEIA / 1208/2024/VIG5 തീയതി 05-02-2025</u>**

മൈനർ ഇറിഗേഷൻ ഡിവിഷൻ കോഴിക്കോട് ഓഫീസിലെ രണ്ടാം തരം ഓവർസിയർ ശ്രീ നൗഷാദ് പി പി KSR Part 1 APPENDIX X11A വ്യവസ്ഥകൾക്ക് വിധേയമായി 28/12/2018 മുതൽ 27/12/2023 വരെ ഈ കാര്യാലയത്തിന്റെ ഉത്തരവ് നമ്പർ A5/43530/18 തീയതി 26/12/2018 പ്രകാരം 5 വർഷത്തെ ശൂന്യവേതനഅവധി അനുവദിച്ചിരുന്നു. അനുവദനീയമായ കാലയളവ് പൂർത്തിയാക്കിയതിനാൽ 28/12/2023 തീയതിയിൽ സേവനത്തിൽ പുനർ പ്രേവേശിക്കേണ്ടതായിരുന്നു . എന്നാൽ ടിയാൻ പുനർപ്രേവേശിക്കുകയോ യാതൊരുവിധ അപേക്ഷ നൽകുകയോ ചെയ്തിരുന്നില്ല . സർവ്വീസിൽ യഥാ സമയം പുനഃപ്രവേശിക്കാതെ ടി തിയതി മുതൽ അനധികൃതമായി അവധിയിൽ തുടർന്നു.

പ്രസ്തുത സാഹചര്യത്തിൽ ടിയാനെതിരെ 1960-ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കാതെയിരിക്കുവാൻ കാരണം കാണിക്കണമെന്നാവശ്യപ്പെട്ട് ഇതേ നമ്പരായി സൂചന (1) പ്രകാരമുള്ള കുറ്റപത്രവും കുറ്റാരോപണ പത്രികയും ടിയാന്റെ ലഭ്യമായ അഡ്രസിൽ നൽകിയിരുന്നു. ഇതേ തുടർന്ന് ടിയാൻ കൈപ്പറ്റ് പകർപ്പും പ്രതിവാദ പത്രികയും ലഭ്യമാക്കിരുന്നു. 12/07/2024 ലെ പ്രതിവാദപത്രിക പ്രകാരം സേവനത്തിൽ തുടരുവാൻ ആഗ്രഹം ഇല്ലെന്നും ആയതിനാൽ സേവനത്തിൽ നിന്നും പൂർണ്ണമായി വിടുതൽ ചെയ്യണമെന്നും ടിയാൻ ആവിശ്യപ്പെട്ടിരുന്നു. പ്രസ്‌തുത പ്രതിവാദപത്രിക തൃപ്തികരമല്ല എന്ന നിഗമനത്തിൽ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സൂചന (2) ഉത്തരവ് പ്രകാരം അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ചിരുന്നു. സൂചന (3) പ്രകാരം അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച റിപ്പോർട്ടിൽ 08/11/2024 -ൽ ടിയാനെ നേരിൽ കേട്ടതിൽ നിന്നും ശ്രീ നൗഷാദ് പി പി കോഴിക്കോട് ഒരു സ്വകാര്യ സ്ഥാപനം നടത്തിവരികയാണെന്നും, ആയതിന്

ഗൾഫിൽ ബ്രാഞ്ച് ഉണ്ടെന്നും, ഇടയ്ക്കിടെ ഗൾഫിൽ പോകേണ്ടിവരുമെന്നും ആയതിനാൽ സേവനത്തിൽ തുടർന്ന് പോകുവാൻ താല്പര്യമില്ലെന്നും മൊഴി നൽകുകയും, കൂടാതെ ആയത് സംബന്ധിച്ച സമർപ്പണവും ടിയാൻ അന്വേഷണ ഉദ്യോഗസ്ഥന് കൈമാറിയിരുന്നു.

മേൽ വിവരിച്ച സാഹചര്യത്തിൽ 1960-ലെ കേരള സിവിൽ സർവ്വീസുകൾ (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം 28/12/2023 മുതൽ ശ്രീ നൗഷാദ് പി.പി. യെ സർക്കാർ സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാനുള്ള താൽക്കാലിക തീരുമാനം അറിയിച്ചുകൊണ്ടുള്ള പരാമർശം (4) കാരണം കാണിക്കൽ നോട്ടീസ് ടിയാന് നൽകി. ഇതേ തുടർന്ന് ടിയാൻ കാരണം കാണിക്കൽ നോട്ടീസ് കൈപറ്റിയതിന്റെ Postal Acknowledgement ലഭിച്ചിരുന്നു.

കാരണം കാണിക്കൽ നോട്ടീസ് കൈപ്പറ്റി 15 (പതിനഞ്ച്) ദിവസങ്ങൾക്കുള്ളിൽ രേഖാമൂലം മറുപടി ലഭ്യമായില്ലെങ്കിൽ ടിയാന് യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ സർക്കാർ സർവ്വീസിൽ നിന്നും 28/12/2023 തിയതി മുതൽ നീക്കം ചെയ്യുവാനുള്ള താല്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതാണെന്നുള്ള വിവരം നോട്ടീസിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. കാരണം കാണിക്കൽ നോട്ടീസ് കൈപ്പറ്റി നാളിതുവരെ മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ ടിയാന് യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ നടപടികൾ പൂർത്തിയാക്കി **28/12/2023 മുതൽ ശ്രീ.നൗഷാദ് പി.പി. (രണ്ടാം തരം ഓവർസിയർ) -നെ സർക്കാർ സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാനുള്ള താല്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തിക്കൊണ്ട്** അച്ചടക്ക നടപടി തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

**Signed by Sivadasan M**
**Date: 05-02-2025 09:16:44**

ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്:-

ശ്രീ നൗഷാദ് പി പി
പാലക്കോട്ടുപറമ്പിൽ
കൊടിയത്തൂർ പി ഒ മുക്കം
കോഴിക്കോട്- 673602

പകർപ്പ്:-

1) സൂപ്രണ്ടിംഗ് എഞ്ചിനീയർ മൈനർ ഇറിഗേഷൻ സർക്കിൾ, കോഴിക്കോട്
2) എക്സിക്യൂട്ടീവ് എഞ്ചിനീയർ മൈനർ ഇറിഗേഷൻ ഡിവിഷൻ കോഴിക്കോട്
3) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (' എ ' സെക്ഷൻ ),
4) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഐ.ടി. സെൽ, (വെബ് സൈറ്റിൽ പബ്ലിഷ് ചെയ്യുന്നതിന്)
5) VG8 Section,